**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങൾക്കായി അനുവദിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങൾക്കായി അനുവദിച്ച മൂന്ന് കോടി രൂപയുടെ പ്രവൃത്തി ഇൻകെല്ലിൽ നിന്നും കിലയ്ക്ക് മാറ്റി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ടെണ്ടർ ചെയ്യാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട രണ്ടാംഘട്ടം ഭരണാനുമതി നൽകിയ 200 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPVയായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. ഇതിൽ 150 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. ഇൻകൽ പ്ലാൻ തയ്യാറാക്കിയ സ്കൂളുകൾ ആയതിനാൽ തുടർന്ന് LSGD മുഖാന്തിരം feasibility study നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016ലെ DSR നിരക്കും GST ഉം ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്ക് അനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13/05/2022ന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ച് വരുന്നു.**<br><br>**മേൽ പരാമർശിച്ച കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | **3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട രണ്ടാംഘട്ടം ഭരണാനുമതി നൽകിയ 200 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPVയായി കിലയെ ചുമതലപ്പെടുത്തിയിരുന്നു. DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. ഇതിൽ 150 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. ഇൻകൽ പ്ലാൻ തയ്യാറാക്കിയ** |

| | | | |
|---|---|---|---|
| | | | സ്കൂളുകൾ ആയതിനാൽ തുടർന്ന് LSGD മുഖാന്തിരം feasibility study നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016ലെ DSR നിരക്കും GST ഉം ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കേണ്ട സാഹചര്യമുണ്ടായി. ഇതനുസരിച്ച് കില സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ നിരക്ക് അനുസരിച്ച് ഭരണാനുമതി തുക വർദ്ധിപ്പിച്ചുകൊണ്ട് 13/05/2022ന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ച് വരുന്നു.<br><br>മേൽ പരാമർശിച്ച കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ